ഉത്തരം

(എ) സംസ്ഥാന റവന്യൂ വകുപ്പിൽ നിന്നും വനം വകുപ്പിന് കൈമാറ്റം ചെയ്യുന്നതിനായി ഭൂമിയില്ല.

(ബി-ഡി) ഉദിക്കുന്നില്ല.

**മമ്പുറം ബൈപാസിന്റെ ലാന്റ് അക്വിസിഷൻ നടപടി**

11 (1321) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മമ്പുറം ബൈപാസിന്റെ ലാന്റ് അക്വിസിഷൻ നടപടി ക്രമങ്ങൾ എത്രത്തോളമായി ;

(ബി) ലാന്റ് അക്വയർ ചെയ്യുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ, ആയത് അടിയന്തിരമായി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മമ്പുറം ബൈപാസിന് വേണ്ടി 1.7363 ഹെക്ടർ ഭൂമിയാണ് അക്വയർ ചെയ്യുവാൻ അർത്ഥനാധികാരി ആവശ്യപ്പെട്ടിരുന്നത്. ഇത് 6 ബ്ലോക്കുകളായി തിരിച്ചാണ് അക്വിസിഷൻ നടപടികൾ കൈക്കൊണ്ടത്. ഇതിൽ 5 ബ്ലോക്കുകളിലായി 1.5107 ഹെക്ടർ ഭൂമിയുടെ നിലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) 0.2256 ഹെക്ടർ ഭൂമിയുടെ അക്വിസിഷൻ നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(സി) പ്രസ്തുത കേസിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിക്കുകയും സ്റ്റേ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**ഗൃഹനാഥന്റെയും ഗൃഹനാഥയുടെയും പേരിൽ സംയുക്തമായി പട്ടയം നൽകാൻ നടപടി**

12 (1322) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റിന്റെ വിവിധ സൗജന്യ സഹായ പദ്ധതികൾ പ്രകാരം ഭൂരഹിതരായ ജനങ്ങൾക്ക് ഭൂമി വിതരണം ചെയ്യുമ്പോൾ പട്ടയവും കൈവശാവകാശരേഖയും നൽകുന്നത് അപേക്ഷ നൽകുന്ന ഗൃഹനാഥന്റെ പേരിൽ മാത്രമാണോ ;



LIBRARY ARCHIVES Kerala Legislative Assembly